പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1426

07/06/2018 -ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. അനൂപ് ജേക്കബ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങൾക്ക് ദേശീയ നിലവാരം കൈവരിക്കുന്നതിന് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ സ്ഥാപനങ്ങൾ നിലവാരം കാത്തു സൂക്ഷിക്കുന്നുണ്ട്. |
| (ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനുള്ള നവീന ആശയങ്ങളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രബുദ്ധത, ധൈഷണിക പര്യാവരൺ എന്നീ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ റാങ്കിംഗിൽ ആദ്യത്തെ നൂറ് സർവ്വകലാശാലകളിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്ക് എത്രയാണ്; | (ഡി) മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന റാങ്കിംഗിൽ ആദ്യത്തെ നൂറ് സർവ്വകലാശാലകളിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്ക് ചുവടെ ചേർക്കുന്നു. |

| സർവ്വകലാശാല | | റാങ്ക് |
|---|---|---|
| കേരള സർവ്വകലാശാല | - | 30 |

| | | |
|---|---|---|
| മഹാത്മാഗാന്ധി സർവ്വകലാശാല | - | 34 |
| കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | - | 69 |
| കാലിക്കറ്റ് സർവ്വകലാശാല | - | 73 |

| | | | |
|---|---|---|---|
| (ഇ) | റാങ്കിംഗിൽ വളരെ പുറകിലായ നമ്മുടെ സർവ്വകലാശാലകളെ മുൻ നിരയിൽ എത്തിക്കുന്നതിന് എന്തൊക്കെ പ്രവർത്തന ങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്? | (ഇ) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 5 സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന തിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച നടപ്പാക്കി വരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിശദമായ പദ്ധതി രേഖകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- Graduate attributes and Outcome Based Education (ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ഓരോ സർവ്വകലാശാലയിലും ആത്യന്തികമായി ആർജ്ജിയ്ക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യവും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിയ്ക്കുന്ന രീതി).
- പ്രബുദ്ധത (ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യം ലാക്കാക്കി, കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ കരകുളം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന മാതൃകാ പദ്ധതി).
- വൈജ്ഞാനിക പര്യാവരൺ (Learners Ecosystem Campus) (ബോധനത്തിനും പഠനത്തിനും മനനത്തിനും ഉതകുന്നതും പ്രകൃതിയുമായി ചേർന്ന് നിൽക്കുന്നതുമായ പ്രത്യേക ഭൗതിക സാഹചര്യങ്ങൾ ക്യാമ്പസ്സുകളിൽ ഒരുക്കുന്നതിനുള്ള പദ്ധതി).
- അക്കാദമിക വോളണ്ടിയർ ബാങ്ക് (ജീവിതത്തിന്റെയും വിജ്ഞാനത്തിന്റെയും വിവിധ തുറകളിൽ വൈദഗ്ദ്ധ്യം ആർജ്ജിച്ചവരെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധനവിനായി ആവിഷ്കരിക്കുന്ന വിവിധ പരിപാടികളിൽ പങ്കാളികളാക്കുന്നതിനുള്ള നൂതന പദ്ധതി).
- ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ (വിദ്യാർത്ഥികൾക്കും നയരൂപീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുത്താൻ കഴിയും വിധം തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന സമഗ്രസ്വഭാവമുള്ള ഡേറ്റാബേസ്).
- ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം (ബിരുദതലത്തിൽ നടത്തിയ പരിഷ്കരണങ്ങളുടെ ചുവടുപിടിച്ച് പി.ജി. വിദ്യാഭ്യാസം പുനഃസംഘടിപ്പിയ്ക്കുന്നതിനുള്ള യജ്ഞം. ഇതിനായി Indian Institute of Science ലെ പ്രൊഫ. ഇ.ഡി. ജെമ്മീസ് അദ്ധ്യക്ഷനായ പ്രത്യേക കമ്മറ്റി രൂപീകരിച്ചു കഴിഞ്ഞു).
- ബ്രെയിൻ ഗെയിൻ സമീപനം (പ്രവാസികളായ അക്കാദമിക്കുകളേയും പണ്ഡിതരേയും സംസ്ഥാനത്തെ സർവകലാശാല/ കോളേജ് ക്യാമ്പസ്സുകളിൽ എറുഡൈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്തിയ്ക്കാനുള്ള യജ്ഞം).
- അദ്ധ്യാപകരുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾ (പുതിയതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക്

Moulding the Guru പ്രോഗ്രാമിന്റെ കീഴിലും സർവ്വീസിൽ ഉള്ള അദ്ധ്യാപകർക്ക് Pruning the Guru പ്രോഗ്രാമിന്റെ കീഴിലും പരിശീലനം നൽകുന്നു. കുടാതെ അദ്ധ്യാപകർക്ക് അവരുടെ വിഷയങ്ങളിൽ അധിഷ്ഠിതമായ പരിശീലനം നൽകാൻ Nourshing the Guru പ്രോഗ്രാം എന്ന നൂതന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കുടാതെ സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ് വിഷയങ്ങളിലെ അദ്ധ്യാപകർക്കായി മെതഡോളജി ശില്പശാലകൾ കൗൺസിൽ സംഘടിപ്പിച്ചുവരുന്നു.)

സെക്ഷൻ ഓഫീസർ